## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1369      04/12/2014 -ൽ മറുപടിക്ക്

**രജിസ്ട്രേഷൻ വകുപ്പിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) രജിസ്ട്രേഷൻ വകുപ്പിൻ കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണ്; ഇവ ഓരോന്നിനും എന്തു തുക നീക്കി വച്ചിട്ടുണ്ട്; ബജറ്റ് വിഹിതത്തിന് പുറമേയാണോ തുക നീക്കി വെച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ; | എ) രജിസ്ട്രേഷൻ വകുപ്പിൻ കീഴിൽ 'മിഷൻ -676'-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ താഴെ വിവരിക്കുന്നു:<br>(1) എറണാകുളം ജില്ലയിലെ കൂത്താട്ടുകുളം കേന്ദ്രമായി രജിസ്ട്രേഷൻ വകുപ്പിന്റെ നിയന്ത്രണത്തിൽ ജീവനക്കാരെ പരിശീലിപ്പിക്കുന്നതിനായി അത്യാധുനിക സംവിധാനങ്ങളോടു കൂടിയ പരിശീലന കേന്ദ്രം ആരംഭിക്കൽ, അതോടൊപ്പം 100 വർഷത്തിലധികം പഴക്കമുള്ള ആധാര വാല്യങ്ങൾ കേടുകൂടാതെ ദീർഘകാലം സൂക്ഷിക്കുന്നതിനായി ശാസ്ത്രീയമായ രീതിയിൽ പരിരക്ഷിക്കുന്നതിനുള്ള കേന്ദ്രം സ്ഥാപിക്കൽ.<br>(2) ഒരു വർഷത്തിൽ താഴെ കാലയളവിലേക്കുള്ള ബാധ്യതാ സർട്ടിഫിക്കറ്റുകൾ അപേക്ഷാ തീയതിയിൽ തന്നെ നൽകുന്നതിനുള്ള പ്രത്യേക സംവിധാനം ഏർപ്പെടുത്തൽ. |

(3) ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെട്ട രണ്ട് സബ് രജിസ്ട്രാർ ഓഫീസുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഫ്രണ്ട് ഓഫീസ് സൗകര്യം ഏർപ്പെടുത്തൽ.

(4) സംസ്ഥാനത്തെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളെയും ഇന്റർനെറ്റ് അധിഷ്ഠിതമാക്കുന്നതിനായുള്ള നെറ്റ്വർക്കിംഗ് പദ്ധതി ഒരു വർഷത്തിനകം പൂർത്തിയാക്കൽ.

ഈ പദ്ധതികളിൽ നെറ്റ്വർക്കിംഗ് പദ്ധതിക്കായി ബഡ്ജറ്റിൽ 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മറ്റ് പദ്ധതികൾക്കൊന്നും നടപ്പു സാമ്പത്തിക വർഷത്തിൽ തുക അനുവദിച്ചിട്ടില്ല.

ബി) എല്ലാ പദ്ധതികളുടേയും പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ; പണി പൂർത്തീകരിച്ച ഏതെങ്കിലും പദ്ധതിയുണ്ടോ; ഇതുവരെ പണി ആരംഭിച്ചിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാമാണ് ?

ബി) മേൽ വിവരിച്ച പദ്ധതികളിൽ ഇനം നമ്പർ (1) ഒഴികെയുള്ള എല്ലാ പദ്ധതികളുടെയും നടപടി പുരോഗമിച്ചുവരികയാണ്.

സെക്ഷൻ ഓഫീസർ.